IC 6403/19

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഇന്റർമിക്സ് ഫാക്ടറിയിലെ ജീവനക്കാർക്ക് 01.01.2015 പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.18/2019 /സഹ. തീയതി, തിരുവനന്തപുരം, 07/05/2019

---

പരാമർശം:- 1) സ.ഉ (സാധാ)683/10/സഹ തീയതി 04.11.2010
2) സഹകരണ സംഘം രജിസ്ട്രാറുടെ 26.03.2018 ലെ ഇ.എം(4)/9893/2016 നമ്പർ കത്ത്
3) കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 26/02/2019-ലെ S1:2024:18-19/378 നമ്പർ കത്ത്

## ഉത്തരവ്

കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഇന്റർമിക്സ് ഫാക്ടറിയിലെ ജീവനക്കാർക്ക് 01.01.2015 പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### (I) ശമ്പളസ്കെയിൽ

അംഗീകൃത തസ്തികകളുടെ എണ്ണവും തസ്തികകളുടെ പുതുക്കിയ ശമ്പള സ്കെയിലും അനുബന്ധമായി ചേർത്തിരിക്കുന്നു.

### (II) ശമ്പള പരിഷ്കരണ രീതി

(i) പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.01.2015 ആയിരിക്കും

(ii) 01.01.2015 മുതൽ സർവീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരിധിയിലായിരിക്കും

(iii) നിലവിലെ ശമ്പള സ്കെയിൽ എന്നത് സ.(ഉ.)(സാധാ) നം.683/2010/സഹ. തീയതി 04.11.2010 പ്രകാരം ഉത്തരവായ ശമ്പള സ്കെയിലുകളായിരിക്കും.

(iv) നിലവിലെ ശമ്പളം എന്നത് 01.01.2015 ലെ അടിസ്ഥാന ശമ്പളം, 01.01.2015 ന് ലഭിക്കേണ്ട ഇൻക്രിമെന്റ് ഉണ്ടെങ്കിൽ ആയത്, സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ എന്നിവ കൂട്ടി കണക്കാക്കുന്നതായിരിക്കും.

(v) 01.01.2015 - ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 59% ക്ഷാമബത്ത ലയിപ്പിച്ചു കൊണ്ടും പഴയ സ്കെയിൽ (2010 ലെ ശമ്പള പരിഷ്കരണ പ്രകാരമുള്ളത്) - ലെ അടിസ്ഥാന ശമ്പളത്തിന്റെ 15% (ഏറ്റവും കുറഞ്ഞത് 2000/- രൂപ) ഫിറ്റ്മെന്റ് ആനുകൂല്യമായും പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1% എന്ന കണക്കിൽ സർവ്വീസ് വെയിറ്റേജും (പരമാവധി 20%) ആയി കണക്കാക്കുന്നതാണ്.

(vi) ഇപ്രകാരം കൂട്ടിക്കിട്ടിയ തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ സ്റ്റേജ് ആണെങ്കിൽ ആയതിലോ അല്ലായെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലോ നിജപ്പെടുത്തേണ്ടതാണ്.

(vii) പുതുക്കിയ ശമ്പള പരിഷ്കരണം മൂലം ഒരു ജീവനക്കാരന്റെ പുതുക്കിയ ശമ്പളം ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ എത്തുകയാണെങ്കിൽ ടിയാൻ അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കുന്നതാണ്.

(viii) ശമ്പള നിർണ്ണയത്തിന് ഓപ്ഷൻ അനുവദിക്കുന്നതല്ല.

**(III) വാർഷിക വേതന വർദ്ധനവ്**

01.01.2015 ന് ശേഷം ഏത് തീയതിയിലാണോ വാർഷിക ശമ്പള വർദ്ധനവ് ലഭിക്കേണ്ടത്, അതേ തീയതിയിൽ തന്നെ വാർഷിക ശമ്പള വർദ്ധനവ് നൽകുന്നതാണ്. ശമ്പള പരിഷ്കരണ തീയതി മുതൽ ഒരു വർഷം വരെ വാർഷിക ശമ്പളവർദ്ധനവിനായി കാത്തിരിക്കേണ്ടതില്ല. 01.01.2015 -നോ അതിനു ശേഷമുള്ള കാലയളവിലോ സർവ്വീസിൽ പ്രവേശിക്കുന്നവർ പുതിയതായി പരിഷ്കരിച്ച ശമ്പളസ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചവരായി കണക്കാക്കുന്നതാണ്.

**(IV) സമയബന്ധിത ഹയർ ഗ്രേഡ്**

മറ്റ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിൽ നിശ്ചയിച്ച് നൽകിവരുന്ന പ്രകാരമുള്ള സമയ ബന്ധിത ഹയർ ഗ്രേഡ് ഇന്റർമിക്സ് ഫാക്ടറിയിലെ ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളസ്കെയിലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്നതാണ്.

**(V) അലവൻസുകൾ**

(i) ക്ഷാമബത്ത – 01/01/2015 തീയതി പ്രാബല്യത്തിൽ നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണത്തിന് 59% ക്ഷാമബത്ത ലയിപ്പിക്കുന്നതിനാൽ 135% ക്ഷാമബത്തയ്ക്ക് മാത്രം ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. തുടർന്നുള്ള ക്ഷാമബത്ത നിരക്കുകൾ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്നതാണ്. കാലാകാലങ്ങളിലെ ക്ഷാമബത്ത നിരക്ക് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ മാത്രം അനുവദിക്കുന്നതാണ്.

**(ii) വീട്ടുവാടക അലവൻസ്**

പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ അടിസ്ഥാന ശമ്പളത്തിന്റെ 10% എന്ന തോതിൽ പരമാവധി 2000/- രൂപ വീട്ടുവാടക ബത്തയായി ജീവനക്കാർക്ക് അനുവദിക്കുന്നതാണ് .

**(iii) കണ്ണട അലവൻസ്**

കണ്ണട അലവൻസ് സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന നിരക്കിൽ അനുവദിക്കുന്നതാണ്. പ്രസ്തുത അലവൻസ് സർവ്വീസിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ.

**(iv) മെഡിക്കൽ അലവൻസ്**

ജീവനക്കാർക്ക് പ്രതിവർഷം 2000/- രൂപ മെഡിക്കൽ അലവൻസ് അനുവദിക്കുന്നതാണ്.

**മറ്റു വ്യവസ്ഥകൾ**

- ഈ ഉത്തരവിന് 01/01/2015 മുതൽ പ്രാബല്യം ഉണ്ടായിരിക്കും. കുടിശ്ശിക നൽകുന്ന തീരുമാനം സഹകരണ സംഘം രജിസ്ട്രാർ ഫെഡറേഷനുമായി ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണ്. ജീവനക്കാർക്ക് നൽകിയ ഇടക്കാലാശ്വാസം തിരിച്ച് പിടിക്കുന്നതല്ല.
- ഇന്റർമിക്സ് ഫാക്ടറിയിലെ ജീവനക്കാരുടെ പുതിയ സ്കെയിലിലുള്ള ശമ്പളം ഫെഡറേഷന്റെ ഭരണസമിതി/എക്സിക്യൂട്ടീവ് കമ്മിറ്റി നിർണ്ണയിച്ച് നൽകേണ്ടതാണ്. ഇപ്രകാരം നിർണ്ണയിച്ചുത്തരവാകുന്നതിനു മുമ്പായി ശമ്പളവും അലവൻസുകളും നിർണ്ണയിച്ചിട്ടുള്ളത് ശരിയാണെന്നു ഫെഡറേഷന്റെ കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- മുൻ ശമ്പള പരിഷ്കരണങ്ങളിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കുകൂട്ടിയതുമൂലമോ ശമ്പളം തെറ്റായി വ്യാഖ്യാനിച്ചതുമൂലമോ അധികം വാങ്ങിയിട്ടുള്ള തുകയ്ക്ക് പരിരക്ഷ ലഭിക്കുന്നതല്ല . ആയതു പരിശോധിച്ച് തിരിച്ച് പിടിക്കേണ്ടതാണ്.

- ശമ്പളവും അലവൻസുകളും നിർണ്ണയിക്കുന്നത് സംബന്ധിച്ചും അനുബന്ധ കാര്യങ്ങളിലും എന്തെങ്കിലും സംശയങ്ങൾ ഉന്നയിക്കപ്പെടുകയാണെങ്കിൽ അത്തരം സംശയങ്ങൾ സഹകരണ സംഘം രജിസ്ട്രാർ ദൂരീകരിക്കേണ്ടതാണ് . ഇങ്ങനെ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേക്ക് റഫർ ചെയ്ത് സംശയ നിവൃത്തി വരുത്തേണ്ടതാണ് .

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**പി.എസ്.രാജേഷ്,**
അഡീഷണൽ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്,
പി.ബി.നം.15, ഗാന്ധി നഗർ, കൊച്ചി 682020

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, പി.ബി.നം.15, ഗാന്ധി നഗർ, കൊച്ചി 682020

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ (എ 3/127/2018/സഹ)/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ശമ്പള സ്കെയിൽ

| ക്രമ നം . | തസ്തികയുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കി നിശ്ചയിക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | ഡ്രൈവർ | 1 | 3030-70/1-3100-90/5-3550-115/5-4125-140/5-4825-165/5-5650-195/5-6625-225/4-7525/- | 4820-160/5-5620-200/5-6620-240/5-7820-280/5-9220-320/5-10820-360/3-11900/- |
| 2. | ഫാക്ടറി അസിസ്റ്റന്റ് / ക്ലാർക്ക് | 2 | 3100-90/5-3550-115/5-4125-140/5-4825-165/5-5650-195/5-6625-225/5-7750/- | 4980—160/4-5620-200/5-6620-240/5-7820-280/5-9220-320/5-10820-360/4-12260/- |
| 3. | ലാബ് അസിസ്റ്റന്റ് | 1 | 3100-90/5-3550-115/5-4125-140/5-4825-165/5-5650-195/5-6625-225/5-7750/- | 4980—160/4-5620-200/5-6620-240/5-7820-280/5-9220-320/5-10820-360/4-12260/- |
| 4. | ഷിഫ്റ്റ് സൂപ്പർവൈസർ | 4 | 3895-115/2-4125-140/5-4825-165/5-5650-195/5-6625-225/5-7750-255/5-9025-285/3-9880/- | 6220-200/2-6620-240/5-7820-280/5-9220-320/5-10820-360/5-12620-400/5-14620-440/5-16820/- |
| 5. | ഫോർമാൻ | 1 | 4545-140/2-4825-165/5-5650-195/5-6625-225/5-7750-255/5-9025-285/5-10450-315/3-11395/- | 7340-240/2-7820-280/5-9220-320/5-10820-360/5-12620-400/5-14620-440/5-16820-480/5-19220/- |
| 6. | അസി .. മാനേജർ ( ഫിനാൻസ് ) | 1 | 5485-165/1-5650-195/5-6625-225/5-7750-255/5-9025-285/5-10450-315/5-12025-345/4-13405 | 8940-280/1-9220-320/5-10820-360/5-12620-400/5-14620-440/5-16820-480/5-19220-520/5-21820/- |
| 7. | ഫാക്ടറി മാനേജർ | 1 | 6430-195/1-6625-225/5-7750-255/5-9025-285/5-10450-315/5-12025-345/5-13750-375/4-15250/- | 10500-320/1-10820-360/5-12620-400/5-14620-440/5-16820-480/5-19220-520/5-21820-560/5-23500/- |

(ii) **മാസ്റ്റർ സ്കെയിൽ**

| നിലവിലുള്ളത് | പുതുക്കിയത് |
|---|---|
| 2750-70/5-3100-90/5-3550-115/5-4125-140/5-4625-165/5-5650-195/5-6625-225/5-7750-255/5-9025-285/5-10450-315/5-12025-345/5-13750-375/5-15625/- | 4460-120/3-4820-160/5-5620-200/5-6620-240/5-7820-280/5-9220-320/5-10820-360/5—12620-400/5-14620-440/5-16820-480/5-19220-520/5-21820-560/5-24620-600/5-27620-640/5-30820/- |